**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1946** **29-09-2025 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്പോർട്ട് കമ്മീഷണർ സ്ക്വാഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ട്രാൻസ്പോർട്ട് കമ്മീഷണർക്ക് കീഴിൽ ടി.സി. സ്ക്വാഡ് (ട്രാൻസ്പോർട്ട് കമ്മീഷണർ സ്ക്വാഡ്) രൂപീകരിച്ചതിലെ മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | മെച്ചപ്പെട്ട സേവനം സമയബന്ധിതമായി പരാതിക്ക് ഇടനൽകാതെ പൊതുജനങ്ങൾക്ക് നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് മോട്ടോർ വാഹന വകുപ്പ് "TC Squad" രൂപീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങളിൽ സംസ്ഥാനവ്യാപകമായി സൂപ്പർ ചെക്കിംഗ് നടത്തുന്നതിന് ഈ സ്ക്വാഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>1. CF Test<br>2. Driving Test<br>3. Vehicle Dealership Activities<br>4. Driving Schools<br>5. Pollution Testing Centres |
| (ബി) | ഈ സ്ക്വാഡ് രൂപീകരിക്കാൻ ഉണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | മെച്ചപ്പെട്ട സേവനം സമയബന്ധിതമായി പരാതിക്ക് ഇടനൽകാതെ പൊതുജനങ്ങൾക്ക് നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് മോട്ടോർ വാഹന വകുപ്പ് "TC Squad" രൂപീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങളിൽ സംസ്ഥാനവ്യാപകമായി സൂപ്പർ ചെക്കിംഗ് നടത്തുന്നതിന് ഈ സ്ക്വാഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>1. CF Test<br>2. Driving Test<br>3. Vehicle Dealership Activities<br>4. Driving Schools<br>5. Pollution Testing Centres |
| (സി) | പൊതുജനങ്ങളിൽ നിന്ന് ആരോപണമോ വിജിലൻസിൽ നിന്ന് നടപടികളോ നേരിട്ട ഉദ്യോഗസ്ഥർ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഈ സ്പെഷ്യൽ സ്ക്വാഡിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ | (സി) | ടി. സി. സ്ക്വാഡിൽ ഉൾപ്പെട്ട നടപടികൾ നേരിട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. ശ്രീ. അപ്പു പി. എം, എം.വി.ഐ.** |

| | |
|---|---|
| ഓരോരുത്തരുടെയും വിവരങ്ങൾ ഇനം തിരിച്ച് വിശദമാക്കാമോ; | വാളയാർ (ഇൻ), (ഔട്ട്) മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ 29.11.2019-ന് നടന്ന വിജിലൻസ് പരിശോധനയുമായി ബന്ധപ്പെട്ട് ശ്രീ. അപ്പു പി.എം, എ.എം.വി.ഐ-യ്ക്കെതിരെ 1960 ലെ KCS(CC&A) Rules, ചട്ടം 15 പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ ആരംഭിച്ച അച്ചടക്ക നടപടി 31.05.2023 ലെ ഉത്തരവ് പ്രകാരം ടിയാനെ കുറ്റവിമുക്തനാക്കി തീർപ്പാക്കി.<br><br>**2. ശ്രീ. താഹിറുദ്ദീൻ എ. എ., എം.വി. ഐ.**<br><br>ഗോപാലപുരം മോട്ടോർ വാഹന ചെക്ക്പോസ്റ്റിൽ 24.01.2020-ന് നടന്ന വിജിലൻസ് മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട് ശ്രീ. താഹിറുദ്ദീൻ എ. എ., എം.വി.ഐ. യ്ക്കെതിരെ 1960 ലെ KCS(CC&A) Rules, ചട്ടം 15 പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ ആരംഭിച്ച അച്ചടക്ക നടപടി 04.01.2024 ലെ ഉത്തരവ് പ്രകാരം ടിയാന്റെ വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ 1 വർഷത്തേക്ക് തടഞ്ഞ് തീർപ്പാക്കി.<br><br>**3. ശ്രീ. മുഹമ്മദ് ഷഫീക് പി.കെ., എം. വി. ഐ.**<br><br>തിരൂരങ്ങാടി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ സേവനമനുഷ്ഠിക്കവെ, ഓഫീസിൽ ഏജന്റുമാരുടെ പ്രവേശനം തടയുന്നതിൽ വീഴ്ച വരുത്തിയെന്ന ആരോപണത്തിന്മേൽ 2016-ൽ ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ആയതിൽ നിന്നും 2018-ൽ കുറ്റവിമുക്തനാക്കുകയുമുണ്ടായി.<br><br>**4. ശ്രീ. ഫ്രാൻസിസ് എസ്., എം. വി.ഐ.**<br><br>a. കൊടുവള്ളി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ സേവനമനുഷ്ഠിക്കവെ, ഡ്രൈവിംഗ് ടെസ്റ്റ് കൃത്യസമയത്ത് നടത്തുന്നതിൽ വീഴ്ച വരുത്തിയതിന് ടി ഉദ്യോഗസ്ഥനെതിരെ 2015-ൽ നടപടി ആരംഭിക്കുകയും ആയത് 2018-ൽ സെൻഷ്വർ നൽകി തീർപ്പാക്കുകയും ചെയ്തു.<br><br>b. 24.10.2017 ൽ വിജിലൻസ് മുത്തങ്ങ ചെക്ക്പോസ്റ്റിൽ നടത്തിയ മിന്നൽ പരിശോധനയിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ശ്രീ. ഫ്രാൻസിസ് എം.വി.ഐ.യ്ക്കെതിരെ 1960-ലെ KCS(CC&A), Rules ചട്ടം 16 പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ ആരംഭിച്ച അച്ചടക്ക നടപടി 18.03.2022-ലെ ഉത്തരവ് പ്രകാരം ടിയാന്റെ വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ 1 വർഷത്തേക്ക് തടഞ്ഞ് തീർപ്പാക്കി. |

c. പാറശ്ശാല സബ് ആർ. ടി. ഓഫീസിൽ സേവനമനുഷ്ഠിക്കവെ സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട്, സമയത്ത് സമർപ്പിക്കുന്നതിലും, ഓഫീസിൽ ഏജന്റുമാരുടെ പ്രവേശനം തടയുന്നതിലും വീഴ്ച വരുത്തിയെന്ന ആരോപണത്തിന് 2012–ൽ ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും 2014-ൽ ആയത് ടിയാന്റെ 3 മാസത്തെ വാർഷിക വേതന വർദ്ധനവ് തടഞ്ഞുകൊണ്ട് തീർപ്പാക്കുകയുമുണ്ടായി.

**5. ശ്രീ. പി. ആർ. സുമേഷ്, ആർ.ടി.ഒ.**

a. മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയി സേവനമനുഷ്ഠിക്കവെ ഏജന്റുമാരുമായി അനധികൃത ബന്ധം പുലർത്തി എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ, 2014-ൽ ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും 2017-ൽ ടിയാന്റെ ഒരു വർഷത്തെ വാർഷിക വേതന വർദ്ധനവ് തടഞ്ഞുകൊണ്ട് തീർപ്പാക്കുകയുമുണ്ടായി.

b. മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയി സേവനമനുഷ്ഠിക്കവെ ഓഫീസിൽ ഏജന്റുമാരുടെ പ്രവേശനം തടയുന്നതിൽ വീഴ്ച വരുത്തിയെന്ന ആരോപണത്തിന് 2015-ൽ ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും, ആയതിൽ നിന്നും 2018 -ൽ കുറ്റവിമുക്തനാക്കുകയുമുണ്ടായി.

c. മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയി സേവനമനുഷ്ഠിക്കവെ ഓഫീസിൽ എത്തിയിട്ടും ഹാജർ രേഖപ്പെടുത്താത്തതിനും, ഓഫീസിൽ ഏജന്റുമാരുടെ പ്രവേശനം തടയുന്നതിൽ വീഴ്ച വരുത്തിയതിനും 2015-ൽ ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും, ആയത് 2017-ൽ സെൻഷ്വർ നൽകി തീർപ്പാക്കുകയും ചെയ്തു.

**6. ശ്രീ. ഹരികുമാർ ടി, എം.വി.ഐ.**

പാലക്കാട്, വാളയാർ (ഇൻ) മോട്ടോർ വാഹന ചെക്ക്പോസ്റ്റിൽ 13.08.2018-ൽ നടന്ന പരിശോധനയുമായി ബന്ധപ്പെട്ട് ശ്രീ. ഹരികുമാർ റ്റി, എം വി ഐ-ക്കെതിരെ 1960 KCS(CC&A) Rules, ചട്ടം 15 പ്രകാരം സർക്കാർതലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി 15.07.2022 ലെ ഉത്തരവ് പ്രകാരം

വകുപ്പ് തല നടപടികളിൽ നിന്നും ഒഴിവാക്കി തീർപ്പാക്കി.

**7. ശ്രീ. വിനോദ് എ. എസ്. എം.വി.ഐ.**

വയനാട് ലിയോ മെട്രോ കാർഡിയാക് സെന്റർ മേധാവി 14.02.2018 തീയതിയിൽ സമർപ്പിച്ച പരാതിയിൽ, ടി സ്ഥാപനത്തിന്റെ KL 12 J 3203 Ambulance-ന്റെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് പുതുക്കി ലഭിക്കുന്നതിനായി 06.02.2018 തീയതിയിൽ ടി വാഹനം ശ്രീ. വിനോദ് എ.എസ്, എം.വി.ഐ-ക്ക് മുമ്പാകെ ഹാജരാക്കിയിരുന്നതായും, അനവധി കാരണങ്ങൾ പറഞ്ഞ് പ്രസ്തുത വാഹനത്തിന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് പുതുക്കി നൽകാതിരുന്നതായും ഇതുമൂലം ഗുരുതരാവസ്ഥയിലുള്ള രോഗികളെ അവരുടെ സ്ഥാപനത്തിലേക്കും ജില്ലക്ക് പുറത്തുമുള്ള മറ്റ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലേയ്ക്കും എത്തിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടായതായും, ടി വാഹനത്തിൽ പരസ്യം ചെയ്തതായി കണക്കാക്കേണ്ടതില്ലാത്ത കാര്യങ്ങൾക്ക് 21,000/- രൂപ ഫീസ് അടയ്ക്കാൻ ടിയാൻ ആവശ്യപ്പെട്ടതായും ഉള്ള പരാതിയുടെ അടിസ്ഥാനത്തിൽ 1960 ലെ KCS(CC&A) Rules, ചട്ടം 15 പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ ആരംഭിച്ച അച്ചടക്ക നടപടി 06.07.2021-ലെ ഉത്തരവിലൂടെ ടിയാനെതിരെയുള്ള അച്ചടക്ക നടപടിയിന്മേലുള്ള തുടർ നടപടി അവസാനിപ്പിച്ച് തീർപ്പാക്കി.

b. ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ സേവനമനുഷ്ഠിക്കവേ 2013-ൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നോൺ സെൻസിറ്റീവ് പോസ്റ്റിലേക്ക് സ്ഥലം മാറ്റി നിയമിക്കുകയുണ്ടായി.

c. ഡ്രൈവിംഗ് ടെസ്റ്റിനിടയിൽ അപമര്യാദയായി പെരുമാറിയതായി ഒരു യുവതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ, ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് അച്ചടക്ക നടപടി ആരംഭിക്കുകയും ആയത് 2019-ൽ ടിയാന്റെ വാർഷിക വേതന വർദ്ധനവ് 6 മാസത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കുകയുമുണ്ടായി.

d. കൊല്ലം ആർ.ടി. ഓഫീസിൽ സേവനമനുഷ്ഠിക്കവേ, ഓഫീസിൽ നിന്നും അനധികൃത അവധിയെടുത്തതിന് 2012-ൽ ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ആയത് 2012 ൽ വാണിംഗ് നൽകി തീർപ്പാക്കുകയുമുണ്ടായി.

| | | | |
|---|---|---|---|
| | | | e. പത്തനാപുരം സബ് ആർ.ടി. ഓഫീസിൽ സേവനമനുഷ്ഠിക്കവേ ഡ്രൈവിംഗ് ടെസ്റ്റിനിടയിൽ അപമര്യാദയായി പെരുമാറിയതായി ഒരു യുവതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ, 2022-ൽ ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് അച്ചടക്ക നടപടി ആരംഭിക്കുകയുമുണ്ടായി. ആയത് തീർപ്പാക്കിയിട്ടില്ല.<br><br>**8. ശ്രീ. ടോജോ എം. തോമസ്, ആർ.ടി.ഒ.**<br><br>കോട്ടയം, പാലാ ഓഫീസിൽ നടന്ന വിജിലൻസ് പരിശോധനയുമായി ബന്ധപ്പെട്ട് ശ്രീ. ടോജോ എം. തോമസ്, ആർ.ടി.ഒ.-യ്ക്കെതിരെ 1960-ലെ KCS(CC&A) Rules, ചട്ടം 16 പ്രകാരം സർക്കാർതലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി 07.06.2021-ലെ ഉത്തരവ് പ്രകാരം ടിയാന് സെൻഷ്വർ നൽകി തീർപ്പാക്കി.<br><br>**9. ശ്രീ. ബേബി ജോൺ, എം.വി.ഐ.**<br><br>കണ്ണൂർ ഇരിട്ടി ചെക്ക്പോസ്റ്റിൽ നടന്ന വിജിലൻസ് പരിശോധനയുമായി ബന്ധപ്പെട്ട് ശ്രീ. ബേബി ജോൺ, എം.വി.ഐ.-യ്ക്കെതിരെ 1960 ലെ KCS(CC&A) Rules, ചട്ടം 15 പ്രകാരം സർക്കാർ തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി 08.05.2020-ലെ ഉത്തരവ് പ്രകാരം ടിയാനെ കുറ്റവിമുക്തനാക്കി തീർപ്പാക്കി.<br><br>**10. ശ്രീ. താഹിറുദ്ദീൻ എ.എ., എം.വി.ഐ.**<br><br>ആലുവ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പരിസരത്ത് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ 7000/-രൂപ ടിയാന്റെ വാഹനത്തിൽ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് 31.12.2024 തീയതിയിൽ ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി ആരംഭിച്ചിരുന്നെങ്കിലും ആയത് 07.04.2025-ൽ തുടർ നടപടികൾ അവസാനിപ്പിച്ച് കൊണ്ട് ഉത്തരവായി. |
| (ഡി) | ഈ സ്ക്വാഡ് കൊണ്ട് പൊതുജനങ്ങൾക്ക് ഉണ്ടായ നേട്ടങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | (ഡി) | ഈ സ്ക്വാഡ് രൂപീകരിച്ച ശേഷം പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ സേവനം ലഭിച്ചു വരുന്നു. കൂടാതെ പരാതിയുടെ എണ്ണം ഗണ്യമായി കുറവ് വന്നിട്ടുള്ളതുമാണ്. |
| (ഇ) | ഈ സ്ക്വാഡ് നിലവിൽ വന്നതിനുശേഷം ഇതിലെ അംഗങ്ങൾക്കെതിരെ വിജിലൻസ് കേസ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ? | (ഇ) | റ്റി.സി സ്ക്വാഡ് നിലവിൽ വന്നതിനു ശേഷം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്റെ വിവരം ചുവടെ ചേർക്കുന്നു.<br><br>**ശ്രീ. താഹിറുദ്ദീൻ, എം.വി.ഐ.** |

| | | | |
|---|---|---|---|
| | | | ഡ്രൈവിംഗ് ടെസ്റ്റിനും മറ്റുമായി കൈക്കൂലി വാങ്ങുന്നു എന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ, വി.എ.സി.ബി എറണാകുളം യൂണിറ്റിൽ SC.54/2024/EKM നമ്പരായി ഒരു മിന്നൽ പരിശോധന നടത്തുകയും, ടി പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, ടി ഉദ്യോഗസ്ഥനെതിരെ വി.എ.സി.ബി. എറണാകുളം യൂണിറ്റിൽ അഴിമതി നിരോധന (ഭേദഗതി) നിയമം 2018, 7(b) 13(1) (b) വകുപ്പുകൾ പ്രകാരവും ഭാരതീയ ന്യായസംഹിത 2023 (BNS), 3(5) വകുപ്പ് പ്രകാരവും 16/06/2025 തീയതിയിൽ VC 12/2025/EKM നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട് എന്ന് വിജിലൻസ് ഡയറക്ടർ അറിയിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ